**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഇൻഫോപാർക്കിലെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി ഇൻഫോപാർക്കിൽ നടന്നുവരുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇൻഫോപാർക്ക് കൊച്ചിയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ഐ.ടി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഇൻഫോപാർക്ക് ഒന്നാം ഘട്ട പദ്ധതി പ്രദേശത്ത് 1. 5 ഏക്കർ സ്ഥലത്ത് വേൾഡ് ട്രേഡ് സെന്റർ ടവർ മൂന്നിന്റെ നിർമ്മാണ പ്രവർത്തങ്ങൾ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുമ്പോൾ 2.7 ലക്ഷം ചതുരശ്ര അടി ഐ.ടി സ്പേയിസിലായി 3000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.<br><br>2. ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്ത് 8.5 ഏക്കർ സ്ഥലത്ത് യു എസ് ടി ഗ്ലോബലിന്റെ സ്വന്തം ക്യാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 5 ലക്ഷം ചതുരശ്ര അടി ഐ.ടി മന്ദിരം നിർമ്മിക്കാനാണ് പദ്ധതിയിട്ടുന്നത്. 450 കോടി രൂപയുടെ നിക്ഷേപവും 4500 നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.<br><br>3. ഇൻഫോപാർക്ക് രണ്ടാം ഘട്ട പദ്ധതി പ്രദേശത്ത് 1.25 ഏക്കർ സ്ഥലത്ത് ജിയോജിത് സ്വന്തം ക്യാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു .<br><br>4. സംസ്ഥാനത്താദ്യമായി എവിജിസി കമ്പനികൾക്ക് മാത്രമായി ഒരു എവിജിസി അരീന തയ്യാറാക്കുകയും കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>5. കൊച്ചി മെട്രോ സൗത്ത് സ്റ്റേഷനോട് അനുബന്ധിച്ച് 37571 ചതുരശ്ര അടി പ്രീമിയം ഐ.ടി സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇൻഫോപാർക്കിലേക്കുള്ള റോഡുകളുടെ വികസനത്തിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള | (ബി) | ഇൻഫോപാർക്കിലേക്കുള്ള റോഡുകളുടെ വികസനത്തിനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (NATPAC) സമർപ്പിച്ച വിശദമായ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി ഹ്രസ്വ കാലത്തിൽ നിർവഹിക്കേണ്ട ഗതാഗത പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും ഇൻഫോപാർക്കിന് മുമ്പിലുള്ള റോഡിൽ വൺ വെ സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാല പദ്ധതികളും പരിശോധിച്ചുവരുന്നു. |
| (സി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലത്ത് ഇൻഫോപാർക്കിൽ ആകെ 103 കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി 6400 ജീവനക്കാർക്ക് തൊഴിലവസരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇൻഫോപാർക്കിലേക്ക് കമ്പനികളെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഇൻഫോപാർക്ക് കൊച്ചിയിലെ സർക്കാർ ഐ.ടി മന്ദിരങ്ങളിൽ ഓഫീസ് സ്പേസ് മുഴുവനായും കമ്പനികൾക്ക് നൽകി കഴിഞ്ഞു. നിലവിൽ 112 കമ്പനികൾ ഓഫീസ് സ്പേസിനായി അപേക്ഷ നൽകി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിന്റെ അനുബന്ധമായി ജി സി ഡി എ യുമായി സഹകരിച്ച് 300 ഏക്കറിൽ ലാൻഡ് പൂളിംഗ് മാതൃകയിൽ മിശ്ര വികസന രീതിയിൽ ഇൻഫോപാർക്ക് മൂന്നാം ഘട്ടം സ്ഥാപിക്കാനുള്ള പദ്ധതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലൂടെ ഏതാണ്ട് 12,000 കോടി രൂപയുടെ നിക്ഷേപവും ഒരു ലക്ഷത്തിലധികം നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ